# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ശബരിമല ദേവസ്വത്തിലെ കൊല്ലവർഷം **1202**-ലെ മണ്ഡലം - മകരവിളക്ക് മേടവിഷു മഹോത്സവങ്ങൾ, മാസപൂജകളോടനുബന്ധിച്ച് 2026 നവംബർ മുതൽ 2027 സെപ്റ്റംബർ വരെ (കൊല്ലവർഷം 1202 വൃശ്ചികം 1 മുതൽ 1203 കന്നി 30 വരെ) ശബരിമല ദേവസ്വം അന്നദാനത്തിൽ ആഹാരം പാകപ്പെടുത്തി ഭക്തർക്ക് വിതരണം ചെയ്യുന്ന കരാറിനുള്ള ഇ-ടെൻഡർ നിബന്ധനകൾ.

ശബരിമല ദേവസ്വത്തിലെ കൊല്ലവർഷം **1202** -ലെ മണ്ഡലം - മകരവിളക്ക്, മേടവിഷു മാസപൂജ അടിയന്തിരങ്ങളോടനുബന്ധിച്ച് ശബരിമല ദേവസ്വം അന്നദാന ത്തിൽ ആഹാരം പാകപ്പെടുത്തി ഭർക്തക്ക് വിതരണം ചെയ്യുന്നതിന് ഈ പരസ്യത്തിലെ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി ഈ മേഖലയിൽ പ്രവർത്തിപരിചയമുള്ള കരാറുകാരിൽ നിന്നും ടെൻഡറുകൾ ക്ഷണിക്കുന്നു.

## നിബന്ധനകൾ

1. ടെൻഡർ സംബന്ധിച്ച വിശദവിവരം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ www.travancoredevaswomboard.org എന്ന വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. ആയത് പരിശോധിച്ച ശേഷം ടെന്ററിൽ പങ്കെടുക്കുന്നവർ https://etenderes.kerala.gov.in എന്ന ടെന്റർ സൈറ്റ് മുഖാന്തിരം രജിസ്റ്റർ ചെയ്യേണ്ടതാണ്. തുടർന്ന് ബന്ധപ്പെട്ട ഇ–ടോക്കൺ ഉപയോഗിച്ച് ഡിജിറ്റൽ സിഗ്നേച്ചർ നടത്തേണ്ടതുമാണ്. ഇ–ടോക്കണുകൾ SIFY/TCS/ncode തുട ങ്ങിയ കേന്ദ്രങ്ങളിൽനിന്നും ലഭ്യമാക്കേണ്ടതാണ്. ടെന്ററുകൾ ശ്രദ്ധാപൂർവ്വം ക്വോട്ട് ചെയ്യണ്ടതുക നിയമാനുസൃതം ക്വോട്ട് ചെയ്ത് ഓൺലൈനായി അയ ക്കേണ്ടതും, തുക രേഖപ്പെടുത്താത്ത സാഹചര്യം ഉണ്ടായാൽ ആയതിന് ഡിപ്പാർട്ട്മെന്റ് ഉത്തരവാദി ആയിരിക്കുന്നതല്ല. ടെന്റർ സമർപ്പിക്കുന്നവരുടെ ഐഡി പ്രൂഫിന്റെ (ആധാർ, സ്കാൻഡ് കോപ്പി മൊബൈൽ നമ്പർ ഉൾപ്പെടെ ചേർത്തിരിക്കണം) സാധനങ്ങൾ പാകപ്പെടുത്തി നൽകുന്നതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ / വ്യക്തികൾ എന്നിവർക്ക് **fssai** ലൈസൻസ്, ജി.എസ്.ററി രജിസ്ട്രേഷൻ, ഇൻകം ടാക്സ് റിട്ടേൺസ് (2024–25 AY) എന്നിവ നിർബന്ധമായും ടെൻഡറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. കുത്തക ഏറ്റെടു ക്കുന്ന ആൾ ടി മേഖലയിൽ (ക്യാന്റീൻ / കാറ്ററിംഗ് / ഹോട്ടൽ / മെസ്സ്) കുറ ഞ്ഞത് ഒരു വർഷമെങ്കിലും പ്രവർത്തി പരിചയമുള്ളവരായിരിക്കണം. ആയ തിന്റെ ആധികാരിക രേഖകൾ (മുനിസിപ്പാലിറ്റി / കോർപ്പറേഷൻ / പഞ്ചായ ത്ത്) ടെന്ററിനോടൊപ്പം സമർപ്പിക്കേതാണ്.
2. ടെന്ററിൽ പങ്കെടുക്കുന്ന വ്യക്തി / സ്ഥാപനങ്ങളുടെ പ്രാപ്തി, യോഗ്യത എന്നിവ വിജിലൻസ് വിഭാഗം പരിശോധിക്കുന്നതും ആയതിൽ അയോഗ്യത കൽപ്പിക്കുന്നപക്ഷം ടി ടെന്റുകാരെ ഒഴിവാക്കുന്നതുമായിരിക്കും. സംഘങ്ങൾ, സന്നദ്ധ സംഘടകൾ എന്നിവർ ടെന്ററിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല.

3. ഇ-ടെൻഡറുകൾ **-21/10/2026** രാവിലെ **10.00** മണിയ്ക്ക് മുമ്പായി etenders.kerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയം കഴിഞ്ഞ് ഹാജരാക്കുന്ന ടെൻഡറുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.
4. ടെൻഡറിനൊപ്പം **5,00,000/-** (അഞ്ച് ലക്ഷം രൂപ) നിരതദ്രവ്യം ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. കരാറുകാർ അവരുടെ ആധാർ കാർഡിന്റെ സ്കാൻഡ് കോപ്പി, മൊബൈൽ നമ്പർ ഉൾപ്പെടെ ടെന്ററിനൊപ്പം സമർപ്പിക്കേണ്ടതാണ്.
5. ടെൻഡർ **22/10/2026**-ാം തീയതി രാവിലെ **11.00** മണിക്ക് ദേവസ്വം കമ്മീഷണർ ആഫീസിൽ വച്ച് തുറന്ന് പരിശോധിക്കുന്നതാണ്. ടെക്നിക്കൽ ബിഡ് പരിശോധനയിൽ എല്ലാ രേഖകളും സമർപ്പിച്ചിട്ടുള്ളവരുടെ ഫിനാൻഷ്യൽ ബിഡ് മാത്രമെ ഓപ്പൺ ചെയ്യുക യുള്ളൂ.
6. നിശ്ചിത നിരതദ്രവ്യം ഹാജരാക്കാത്തവരുടെ ടെൻഡറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
7. കരാർ കാലയളവ് കൊല്ലവർഷം **1202** - ലെ ഉത്സവങ്ങളുടെ കാലയളവ് 2026 നവംബർ മുതൽ 2027 സെപ്റ്റംബർ വരെ (കൊല്ലവർഷം **1202 വൃശ്ചികം 1 മുതൽ 1203 കന്നി 30** വരെ) ആണ്. ടെൻഡർ നിരക്കുകൾ ടി കാലയളവ് മുഴുവൻ ബാധക മായിരിക്കുന്നതാണ്.
8. ടെന്ററിൽ പങ്കെടുക്കുന്നവർ അന്നദാനമണ്ഡപം, ഡൈനിംഗ് ഹാൾ, വാഷ് ഏരിയ, അടുക്കള തുടങ്ങിയ സ്ഥലങ്ങളും അടിസ്ഥാന സൗകര്യങ്ങളും ആവശ്യമുള്ളപക്ഷം സന്ദർശിച്ച് ബോദ്ധ്യപ്പെട്ടിരിക്കേണ്ടതും ടെന്ററിൽ പങ്കെടുത്ത ശേഷം പോരായ്മകൾ, മറ്റ് അവകാശവാദങ്ങൾ ഉന്നയിക്കാൻ പാടില്ലാത്തതുമാണ്.
9. പാചകവാതകം (ഗ്യാസ്) ഡിപ്പാർട്ട്മെന്റിൽ നിന്നും നിയോഗിച്ചിട്ടുള്ള ഏജൻസിയിൽ നിന്നും, ഡീസൽ ഡിപ്പാർട്ട്മെന്റ് ഉടമസ്ഥതയിലുള്ള പമ്പിൽ നിന്നും എടുത്ത് ഉപയോഗിക്കേണ്ടതാണ്. ഇപ്രകാരം ഉപയോഗിക്കുന്ന ഇന്ധനങ്ങളുടെ വില സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന ബില്ലുകളുടെ അടിസ്ഥാനത്തിൽ മുറപ്രകാരം കരാറുകാരന് നൽകുവാനുള്ള ബില്ലിൽ നിന്നും കുറവ് ചെയ്ത് മാത്രമേ തുക അനുവദിച്ച് നൽകുകയുള്ളൂ.
10. ശബരിമല ദേവസ്വത്തിലെ അന്നദാനത്തിൽ ദേവസ്വം ബോർഡ് ആഫീസിലെ - -2026 ലെ ആർ.ഒ.സി /2026/ശബ നമ്പർ ഉത്തരവായുള്ള മെനു അനുസരിച്ച് ശബരിമല അന്നദാന പാചകപുരയിൽ ആഹാരം പാകപ്പെടുത്തി ഡൈനിംഗ് ഹാളിൽ എത്തിച്ച് ഭക്തർക്ക് വിതരണം ചെയ്യുന്നതിന് പ്രഭാതാഭക്ഷണം, ഉച്ചഭക്ഷണം, അത്താഴഭക്ഷണം എന്നിവയ്ക്ക് ആളൊന്നിന് എന്ന ക്രമം പ്രത്യേകം, പ്രത്യേകം ഉള്ള നിരക്കുകൾ ക്വോട്ട് ചെയ്യേണ്ടതാണ്. അന്നദാനത്തിന് ഓരോ ദിവസവും വിതരണം ചെയ്യേണ്ട ഭക്ഷണത്തിന്റെ ഇനവിവരം,പട്ടികയായി നിബന്ധനയോടൊപ്പം ചേർത്തിട്ടുണ്ട്.
11. പ്രഭാതാഭക്ഷണം, ഉച്ചഭക്ഷണം, അത്താഴഭക്ഷണം എന്നിവയ്ക്ക് ആളൊന്നിന് എന്ന ക്രമം പ്രത്യേകം, പ്രത്യേകം ഉള്ള നിരക്കുകൾ ക്വോട്ട് ചെയ്താണ് കരാറുകാരൻ ടെൻഡർ സമർപ്പിക്കേണ്ടത്. ടെൻഡറിൽ ആളൊന്നിന് ഭക്ഷണം പാകപ്പെടുത്തി വിതരണം ചെയ്യുന്നതിന് എല്ലാ നികുതികളും അടക്കമുള്ള നിരക്കാണ് ക്വോട്ട് ചെയ്യേണ്ടത്.

12. ഡിപ്പാർട്ട്മെന്റ് നിശ്ചയിച്ചിട്ടുള്ള മെനു അനുസരിച്ച് കരാറുകാരൻ ഉയർന്ന ഗുണനിലവാരമുള്ള ഭക്ഷണം പാകപ്പെടുത്തി അന്നദാനത്തിൽ ഭക്ഷണവിതരണത്തിന് നിശ്ചയിച്ചിട്ടുള്ള സമയങ്ങളിൽ ഡിപ്പാർട്ട്മെന്റിൽ നിന്നും നിയോഗിച്ചിട്ടുള്ള സ്പെഷ്യൽ ആഫീസറുടേയും ഉദ്യോഗസ്ഥരുടേയും നിർദ്ദേശങ്ങൾ അനുസരിച്ച് പരാതി രഹിതമായി അന്നദാന ഹാളിൽ ഭക്തർക്ക് ഭക്ഷണം വിതരണം ചെയ്യേണ്ടതാണ്. ഭക്ഷണം പാകപ്പെടുത്തുന്നതിന് കൃത്രിമരുചിക്കൂട്ടുകളോ, കളറുകളോ, നിരോധിതവസ്തുക്കളോ ഉപയോഗിക്കാൻ പാടില്ലാത്തതാണ്.

13. ടെൻഡർ അംഗീകരിച്ച് അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് ശബരിമല എക്സിക്യൂട്ടീവ് ആഫീസറുമായി ഉടമ്പടി വച്ച് അന്നദാനം നടത്തിപ്പിനാവശ്യമായ സാധനങ്ങൾ കരാറുകാരന്റെ പരിപൂർണ്ണമായ ചെലവിൽ എത്തിച്ച് സംഭരിക്കാൻ അനുവദിച്ച് നൽകുന്ന സ്റ്റോറിൽ കരാറുകാരന്റെ പൂർണ്ണ ഉത്തരവാദിത്വത്തിൽ സൂക്ഷിക്കേണ്ടതാണ്. അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് ഉടമ്പടി വയ്ക്കുന്നതിൽ വീഴ്ചവരുത്തുന്ന പക്ഷം നിരതദ്രവ്യം മുതൽക്കൂട്ടി തൊട്ടടുത്ത നിരക്ക് ക്വോട്ട് ചെയ്തിട്ടുള്ള ടെൻഡർകാരനെ ക്ഷണിക്കുന്നതിനോ മറ്റുതരത്തിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും ദേവസ്വം ബോർഡിന് പൂർണ്ണമായ അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതും അതിൽവച്ച് ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് വീഴ്ച വരുത്തിയ ടെൻഡറുകാരൻ മാത്രം പൂർണ്ണ ഉത്തരവാദി ആയിരിക്കുന്നതും ആയത് കരാറുകാരന്റെ സ്ഥാവരജംഗമവസ്തുക്കളിൽ നിന്നടക്കം നിയമപരമായി ഈടാക്കുന്നതുമായിരിക്കും.

14. ടെൻഡർ ലഭിക്കുന്ന വ്യക്തി കുത്തക അവകാശം സംബന്ധിച്ച് എക്സിക്യൂട്ടീവ് ആഫീസറുമായി ഉടമ്പടിയിൽ ഏർപ്പെടുമ്പോൾ സ്വന്തം പേരിലുള്ള വസ്തുവിന്റെ തന്നാണ്ട് കരം തീർത്ത രസീതും, കൈവശാവകാശ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതുമാണ്.

15. അന്നദാനം നടത്തിപ്പിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങളും ക്രമീകരണങ്ങളും നിലവിലുള്ള ക്രമത്തിൽ ഡിപ്പാർട്ട്മെന്റിൽ നിന്നും അനുവദിച്ച് നൽകുന്നതും കൂടുതലായി വേണ്ടിവരുന്ന ക്രമീകരണങ്ങൾ കരാറുകാരൻ ടിയാന്റെ പരിപൂർണ്ണമായ ചെലവിലും ഉത്തരവാദിത്വത്തിലും ഏർപ്പെടുത്തേണ്ടതാണ്. ഇപ്രകാരം അധികമായി ഏർപ്പെടുത്തുന്ന ക്രമീകരണങ്ങൾക്ക് ശബരിമല എക്സിക്യൂട്ടീവ് ആഫീസറുടെ മുൻകൂർ അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

16. അന്നദാനം നടത്തുന്നതിനായി ഡിപ്പാർട്ട്മെന്റിൽ നിന്നും അനുവദിച്ച് നൽകുന്ന കെട്ടിടങ്ങൾക്കും അനുബന്ധസാമഗ്രികളും കേടുപാടുകൾ കൂടാതെ കരാർ കാലാവധി പൂർത്തികരിക്കുന്ന മുറയ്ക്ക് ശബരിമല എക്സിക്യൂട്ടീവ് ആഫീസറെ ബോധ്യപ്പെടുത്തി ഏൽപ്പിക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. മറിച്ച് എതെങ്കിലും തരത്തിലുള്ള കേടുപാടുകളോ/നഷ്ടങ്ങളോ വരുത്തുന്നപക്ഷം ആയതിലൂടെ ഡിപ്പാർട്ട്മെന്റിന് ഉണ്ടാകുന്ന നഷ്ടം തിട്ടപ്പെടുത്തി കരാറുകാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും.

17. ഭക്ഷണം പാകപ്പെടുത്തുന്നതിനും പാചക അനുബന്ധത്തിനും വിതരണത്തിനും മറ്റും യോഗ്യരായ മുൻപരിചയമുള്ള തൊഴിലാളികളെ മതിയായ ക്രമത്തിൽ കരാറുകാരന്റെ സ്വന്തം ചെലവിൽ നിയോഗിക്കേണ്ടതും ഇപ്രകാരം നിയോഗിക്കുന്ന തൊഴിലാളികൾക്ക് ആരോഗ്യവകുപ്പ് നിഷ്കർഷിച്ചിട്ടുള്ള ഹെൽത്ത്കാർഡ്, പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതും ആയത് ആവശ്യപ്പെടുന്നമുറയ്ക്ക്

ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പക്കൽ ഹാജരാക്കേണ്ടതുമാണ്. നിയോഗിക്കപ്പെടുന്ന തൊഴിലാളികൾ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരുടേയും ആരോഗ്യവകുപ്പ്/ഭക്ഷ്യസുരക്ഷ വകുപ്പ് ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുവാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതും എല്ലാവിഭാഗം പരിശോധനഉദ്യോഗസ്ഥരുടെയും പരിശോധനയ്ക്ക് കരാറുകാരൻ തടസ്സവാദം ഉന്നയിക്കുവാൻ പാടില്ലാത്തതുമാണ്.

**18.** ഡിപ്പാർട്ട്മെന്റിൽ നിന്നും തെരെഞ്ഞെടുത്തിട്ടുള്ള തൊഴിലാളികളെ (ദിവസവേതനം, പലവേല) ഏതെങ്കിലും സാഹചര്യത്തിൽ അന്നദാനം കരാറിൽ ഉൾപ്പെടുന്ന പ്രവർത്തിക്കൾക്ക് നിയോഗിക്കേണ്ട സാഹചര്യം സംജാതമായാൽ ഓരോ വിഭാഗത്തിനും ഡിപ്പാർട്ട്മെന്റിൽ നിന്നും നിശ്ചയിച്ചിട്ടുള്ള വേതനം കണക്കാക്കി കരാറുകാരന് നൽകുവാനുള്ള തുകയിൽ നിന്നും കുറവ് ചെയ്യുന്നതാണ്.

**19.** അന്നദാനവുമായി ബന്ധപ്പെട്ട് ജോലിനോക്കുവാൻ നിയോഗിക്കപ്പെടുന്ന എല്ലാജീവനക്കാരും കൃത്യനിഷ്ഠയോടും, വൃത്തിയായും ജോലിയിൽ ഏർപ്പെടേണ്ടതും തലയിൽ തൊപ്പിയും കൈയിൽ കൈയ്യുറയും ധരിക്കേണ്ടതുമാണ്. ടി വ്യക്തികൾ ഉദ്യോഗസ്ഥരോടും ഭക്തജനങ്ങളോടും മാന്യമായി പെരുമാറേണ്ടതുമാണ്. ജീവനക്കാർ യാതൊരുവിധ ലഹരിപദാർത്ഥങ്ങളും ഉപയോഗിക്കുവാൻ പാടില്ലാത്തതും താമസത്തിന് അനുവദിച്ച് നൽകുന്ന സ്ഥലത്ത് സൂക്ഷിക്കുവാൻ പാടില്ലാത്തതുമാണ്. താമസിക്കാൻ അനുവദിക്കുന്ന സ്ഥലത്തോ, അന്നദാനമണ്ഡപത്തിലോ ടി. ജീവനക്കാർ എന്തെങ്കിലും കേടുപാടുകൾ ഉണ്ടാക്കുന്നപക്ഷം ആയത് കരാറുകരിൽ നിന്നും ഈടാക്കുന്നതാണ്. മേൽവിവരിച്ച വ്യവസ്ഥകൾ എല്ലാ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

**20.** ഭക്ഷണം പാകപ്പെടുത്താൻ ഉപയോഗിക്കുന്ന അടുക്കള, ഭക്ഷണം വിതരണം ചെയ്യുന്ന ഡൈനിംഗ്ഹാൾ, മേശ, ഇരിപ്പിടം, ഭക്തർ ഭക്ഷണം കഴിച്ചശേഷം കൈകഴുന്ന വാഷ് ഏരിയ, ഇടനാഴി, അന്നദാനമണ്ഡപത്തിലെ മുൻവശം, ഇടനാഴികൾ, തുടങ്ങി അന്നദാനവുമയി ബന്ധപ്പെട്ട എല്ലാ സ്ഥലങ്ങളും, പാചകം ചെയ്യുന്ന പാത്രങ്ങൾ, പകർച്ച പാത്രങ്ങൾ, ഭക്തർക്ക് ഭക്ഷണം നൽകുന്ന പാത്രങ്ങൾ, ഗ്ലാസ്സുകൾ തുടങ്ങി അന്നദാനവുമായി ബന്ധപ്പെട്ട എല്ലാ സാധന സമഗ്രികളും വൃത്തിയായി യഥാമസയം കഴുകി സൂക്ഷിക്കേണ്ടതാണ്. ഇക്കാര്യം ഉറപ്പുവരുത്തുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

**21.** പലചരക്ക് സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കേണ്ടതായി വരുന്നപക്ഷം പമ്പയിൽ പ്രവർത്തിക്കുന്ന ഫുഡ് സേഫ്റ്റി ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

**22.** നിയോഗിക്കപ്പെടുന്ന ജീവനക്കാർ ഈശ്വരവിശ്വാസികളും ക്ഷേത്രആചാര അനുഷ്ഠാനങ്ങൾ പാലിക്കുന്നവരും ആയിരിക്കണം. ടി ആളുകൾക്ക് ഡിപ്പാർട്ട്മെന്റിൽ നിന്നും താൽക്കാലിക തിരിച്ചറിയൽ കാർഡ് നൽകുന്നതാണ്. നിയോഗിക്കപ്പെടുന്ന ജീവനക്കാർ വ്യക്തി ശുചിത്വം നിർബന്ധമായും പാലിക്കേണ്ടതാണ്. ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ നൽകുന്ന എല്ലാ നിർദ്ദേശങ്ങളും കൃത്യമായി പാലിച്ച് കരാർ ജീവനക്കാർ പ്രവൃത്തി എടുക്കേണ്ടതാണ്.

**23.** ശബരിമല എക്സിക്യൂട്ടീവ് ആഫീസിൽ നിന്നും സ്പെഷ്യൽ ആഫീസിൽ നിന്നും ലഭിക്കുന്ന നിർദ്ദേശം അനുസരിച്ച് ഭക്ഷണം പാകപ്പെടുത്തി യഥാസമയം വിതരണം ചെയ്യേണ്ടതും, എന്നാൽ നിഷ്കർഷിച്ചിട്ടുള്ള സമയക്രമത്തിൽ അല്ലാതെ ആവശ്യപ്പെടുന്ന

വേളകളിലും യാതൊരു തടസ്സവാദവും ഉന്നയിക്കാതെ ഭക്ഷണം തയ്യാറാക്കി വിതരണം ചെയ്യുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

24. മണ്ഡലം - മകരവിളക്ക് മഹോത്സവ കാലയളവുകളിൽ അന്നദാന വിതരണം 'Seat Service System' പ്രകാരമായിരിക്കണം. കരാറുകാരൻ നിയോഗിക്കുന്ന ജീവനക്കാർ ഭക്തർക്ക് ഇരിപ്പിടങ്ങളിൽ ഭക്ഷണം വിതരണം ചെയ്യേണ്ടതാണ്. ഇതിനാവശ്യമായത്രയും ജീവനക്കാരെ കരാറുകാരൻ നിയോഗിക്കേണ്ടതും സേവനം തടസ്സമില്ലാതെ ഉറപ്പാക്കേണ്ട തുമാണ്. മാസപൂജ, മറ്റ് വിശേഷങ്ങളോടനുബന്ധിച്ച് അന്നദാന വിതരണം 'Buffet System' പ്രകാരമായിരിക്കണം. നിശ്ചിത നിരയിൽ വരുന്ന ഭക്തർക്ക് നിയോഗിക്കപ്പെ ടുന്ന ജീവനക്കാർ ഭക്ഷണം വിളമ്പി നൽകേണ്ടതാണ്.

25. പാചകകാർക്കും വിതരണകാർക്കും പ്രത്യേകം യൂണിഫോം കരാറുകരുടെ ചിലവിൽ ഏർപ്പെടുത്തണം

26. ഓരോ പന്തി കഴിയുമ്പോഴും അന്നദാന മണ്ഡപം വൃത്തിയാക്കേണ്ടതാണ്

27. മാലിന്യങ്ങൾ തരം തിരിച്ച് പ്രത്യേകം പ്രത്യേകം നിർമ്മാർജനം നടത്തണം

28. ഭക്തയരോട് സൌഹൃദപരമായി പെരുമാറണം

29. അന്നദാനത്തിൽ ഭക്ഷണം കഴിക്കുന്നതിന് എത്തിച്ചേരുന്ന ഭക്തർക്ക് ദേവസ്വം ബോർഡ് ഉദ്യോഗസ്ഥർ / വിജിലൻസ് വിഭാഗം ഓരോ സമയക്രമത്തിനും പ്രത്യേകം, പ്രത്യേകം കൂപ്പൺ വിതരണം ചെയ്യുന്നതാണ്. ടി കൂപ്പണുകളുടെ അടിസ്ഥാനത്തിലാകും എണ്ണം തിട്ടപ്പെടുത്തി പെയ്മെന്റ് അനുവദിക്കുക. കൂപ്പണുകൾ സൂക്ഷിക്കുന്നതും കൈകാര്യം ചെയ്യുന്നതും പൂർണ്ണമായും ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരായിരിക്കും.

30. എന്തെങ്കിലും വിധത്തിൽ കൂപ്പൺ സംവിധാനം ദുരുപയോഗം ചെയ്യുന്നതിന് കരാറു കാരനോ, തൊഴിലാളികളോ ശ്രമിക്കുന്നപക്ഷം കരാർ റദ്ദ് ചെയ്ത് ബദൽമാർഗ്ഗങ്ങൾ ഏർപ്പെടുത്തി സെക്യൂരിറ്റിതുക കണ്ടുകെട്ടുന്നതിനോടൊപ്പം കരാറുകരനെതിരെ ക്രിമനൽ നടപടി സ്വീകരിക്കുന്നതാണ്.

31. കുത്തകകാർക്ക് /ടെൻഡർകാർക്ക് ദേവസ്വം ബോർഡിന്റെ രേഖാമൂലമുള്ള അനുവാദം കൂടാതെ കുത്തകയുടെ അവകാശം കൈമാറുന്നതിനോ കീഴ്കുത്തക കൊടുക്കുന്നതിനോ അധികാരവും അവകാശവും ഇല്ലാത്തതാകുന്നു.

32. ടെൻഡർ സ്വീകരിക്കുന്നതിനും യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനും ദേവസ്വം ബോർഡിന് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

33. അന്നദാന മണ്ഡപം, സാധനങ്ങൾ എന്നിവയ്ക്ക് കരാർ കാലയളവിൽ സംഭവിച്ചിട്ടുള്ള കേടുപാടുകൾ സംബന്ധിച്ച് ശബരിമല എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ നിരതദ്രവ്യം തിരികെ നൽകുകയുള്ളൂ.

34. കുത്തക/ടെൻഡർ സംബന്ധിച്ചുള്ള വ്യവഹാരങ്ങൾ പത്തനംതിട്ട കോടതിയുടെ അധികാര പരിധിക്കുള്ളിലായിരിക്കും.

## ഭക്ഷണവിവരവും, വിതരണസമയവും വിവരിക്കുന്ന പട്ടിക

| ക്രമ നമ്പർ | സമയക്രമം | മെനു |
|---|---|---|
| I | **പ്രഭാതഭക്ഷണം**<br>**6.30AM** മുതൽ<br>**11.00 AM** വരെ | **ഇഡ്ഢലി/തട്ടുദോശ -സാമ്പാർ &ചമ്മന്തി, ഉപ്പുമാവ് (സൂചിഗോതമ്പ്, റവ) - കടലക്കറി, ചുക്കുകാപ്പി,പർപ്പടകം കേസരി/ മറ്റ് മധുരം**<br>(ഇഡ്ഢലി/തട്ടുദോശ/ഉപ്പുമാവ് എന്നിവ ഒന്നിട വിട്ട ദിവസങ്ങളിൽ നൽകേണ്ടതാണ്.) |
| II | **ഉച്ചഭക്ഷണം**<br>**12.00 NOON** മുതൽ<br>**03.00PM** വരെ | **വെള്ള അരിചോറ് (കേരള റൈസ്)<br>പരിപ്പ്, പപ്പടം, നെയ്യ്, സാമ്പാർ<br>പുളിശ്ശേരി/രസം,<br>അവിയൽ, തോരൻ/മെഴുക്കുപുരട്ടി,<br>തൊടുകറി - മാങ്ങ / നാരങ്ങ, ഇഞ്ചി, ഉപ്പ്,<br>പായസം - ചെറുപയർ പരിപ്പ് / അട / കടലപ്പരിപ്പ് / ഗോതമ്പ്<br>ഔഷധകുടിവെള്ളം - പതിമുഖം / രാമച്ചം / കരിങ്ങാലി** |
| III | **അത്താഴഭക്ഷണം**<br>**6.30 PM**<br>മുതൽ<br>**11.00 PM** വരെ | **കുത്തരികഞ്ഞി, ചെറുപയർതോരൻ / വൻപയർ തോരൻ / പുഴുക്ക് /<br>അസ്ത്രം, അച്ചാർ, ഉപ്പ്,<br>ചപ്പാത്തി, വെജിറ്റബിൾ/ഗ്രീൻപീസ് കറി** |
| **മെനു പ്രകാരമുള്ള ഭക്ഷണം ഭക്തർക്ക് ആവശ്യാനുസരണം നൽകേണ്ടതാണ്.** | | |

**ROC 55/26/Sab**
Dated 13-10-2026

**ദേവസ്വം കമ്മീഷണർ**
തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി